## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2758 10.12.2014-ൽ മറുപടിക്ക്**

## തരൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) തരൂർ മണ്ഡലത്തിലെ തരൂർ 1, 2 വില്ലേജുകളിലെ സമഗ്ര കുടിവെള്ള പദ്ധതി എസ്.എൽ.എസ്.എസ്.സി അംഗീകരിച്ചിട്ടുണ്ടോ; എത്ര രൂപ യുടേതാണ് എസ്റ്റിമേറ്റ്; പദ്ധതി യുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) എസ്.എൽ.എസ്.എസ്.സി അംഗീകരിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയിൽ കാവശ്ശേരി പഞ്ചായത്തിനെ കൂടി ഉൾ പ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഇല്ല |
| സി) കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി സമഗ്ര കുടിവെള്ള പദ്ധതി. എസ്.എൽ.എസ്.എസ്.സി അംഗീകരിച്ചിട്ടുണ്ടോ; എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ്; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) കിഴക്കഞ്ചേരി, വടക്കഞ്ചേരി. വണ്ടാഴി സമഗ്ര കുടിവെള്ള പദ്ധതി യുടെ 20 കോടി രൂപ അടങ്കൽ തുകയുള്ള ഒന്നാം ഘട്ടത്തിന് എസ്.എൽ.എസ്.എസ്.എസ്.സി അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ട സർ വ്വേ നടപടികൾ പൂർത്തീകരി ക്കുകയും വിശദമായ എഞ്ചിനീ യറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതിയിൽ കണ്ണമ്പ്ര പഞ്ചായത്തിനെ കൂടി ഉൾ പ്പെടുത്തിയിട്ടുണ്ടോ; | ഡി) | ഇതിന്റെ വിശദമായ പദ്ധതി തയ്യാറാക്കുമ്പോൾ കണ്ണമ്പ്ര പഞ്ചായ ത്തിനെ കൂടി ഉൾ പ്പെടുത്തുന്നത് പരിഗണിക്കുവാൻ 26.06.2014 ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| ഇ) | പ്രസ്തുത പദ്ധതിക്ക് മംഗലം ഡാം സ്രോതസ്സായി ഉപയോഗിക്കുന്നതിൽ ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; ഇക്കാര്യ ത്തിൽ 26.06.2014 ലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് ഉണ്ടായിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ? | ഇ) | ഉന്നയിച്ചിരുന്നു. കണ്ണമ്പ്ര പഞ്ചായ ത്തിനെ കൂടി ഉൾ പ്പെടുത്തുന്ന വിധത്തിൽ ആദ്യ ഘട്ട സർ വ്വേകൾ പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ജല ശുദ്ധീ കരണ ശാലയ്ക്കായി കണ്ടെത്തി യിട്ടുള്ള സ്ഥലത്ത് സർ വ്വേ പൂർത്തിയാക്കി മണ്ണ് പരിശോധന നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ